Subject: കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പേരും അധികാരങ്ങളും ദുരുപയോഗം ചെയ്യുന്നത് തടയുന്നത്- സർക്കുലർ അയക്കുന്നത്- സംബന്ധിച്ച്

From: Higher Education K <highereducationkdept@gmail.com>

To: DCE <dir.colledn@kerala.gov.in>, <director.dce@kerala.gov.in>, Director Technical Education <dtekerala@gmail.com>, EA Section DTE <eadtekerala@gmail.com>, NCC Dtejsfin <nccdtejsfin@gmail.com>, NCC Directorate <nccjsest@gmail.com>, slscl <slscl@statelibrary.kerala.gov.in>, Sindhu A T <sindhuthampanscl@gmail.com>, <aascl@statelibrary.kerala.gov.in>, KERALA STATE LIBRARY COUNCIL <keralaslc@gmail.com> 41 more...

Date: 2023-11-29 15:37

roundcube

- K1-277-2023.pdf (~353 KB)

INSTITUTE OF HUMAN RESOURCES DEVELOPMENT
5/29.11.23
2 9 NOV 2023
THIRUVANANTHAPURAM

Sir/ Ma'am,

Please see the attachment

P EB3

2.12.2023

***Endt No.EB3/1312/2020/HRD*** ***dt. 20. 12. 2023***

1. Copy communicated to all heads of associate institutions under IHRD for necessary action.
2. S/F
3. O/C

*Sd/-*
*DIRECTOR*

*Approved for issue*

*Accounts Officer*

5969527/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ. കെ1/277/2023/ഉ.വി.വ

29-11-2023,തിരുവനന്തപുരം

പ്രേഷകൻ

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
4. സ്റ്റേറ്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
5. സെക്രട്ടറി , കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ , തിരുവനന്തപുരം
6. സ്റ്റേറ്റ് എൻ.എസ്.എസ്.ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, തിരുവനന്തപുരം
7. പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം
8. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, തിരുവനന്തപുരം - 13.
9. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, തിരുവനന്തപുരം.
10. ഡയറക്ടർ,കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം, തിരുവനന്തപുരം
11. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
12. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, തിരുവനന്തപുരം -3
13. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്
14. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാള സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, കൊല്ലം
15. മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഉന്നതവിദ്യാഭ്യാസ കൗൺസിൽ, തിരുവനന്തപുരം
16. ഡയറക്ടർ, കേരള ചരിത്ര ഗവേഷണ കൗൺസിൽ, തിരുവനന്തപുരം.
17. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ്, കോട്ടയം-686 585
18. ചെയർ പേഴ്സൺ/മാനേജിംഗ് ഡയറക്ടർ, അസാപ്, തിരുവനന്തപുരം

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ്- കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പേരും അധികാരങ്ങളും ദുരുപയോഗം ചെയ്യുന്നത് തടയുന്നത്- സർക്കുലർ

അയക്കുന്നത്- സംബന്ധിച്ച്

സൂചന:- സർക്കുലർ നമ്പർ. 97/എച്ച്3/2023/നിയമം തീയതി. 18.11.2023

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പേരും അധികാരങ്ങളും ദുരുപയോഗം ചെയ്യുന്നത് തടയുന്നതുമായി ബന്ധപ്പെട്ട് നിയമവകുപ്പിൽ നിന്നും സൂചനപ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കുമായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
ശ്രീദേവി പി എസ്
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Sobha D
Date: 29-11-2023 14:29:39
സെക്ഷൻ ഓഫീസർ.

HEDN-K1/277/2023-HEDN

.023/H EDN

954234/2023

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. 97/എച്ച്3/2023/നിയമം
നിയമ (എച്ച്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18-11-2023

## പരിപത്രം

വിഷയം:- നിയമ (എച്ച്) വകുപ്പ് - കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പേരും അധികാരങ്ങളും ദുരുപയോഗം ചെയ്യുന്നത് തടയുന്നത് - സംബന്ധിച്ച്.

സൂചന:- 1. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സന്റെ 20.04.2021 തീയതിയിലെ കത്ത്.

2. സംസ്ഥാന പോലീസ് മേധാവിയുടെ 01.02.2022,12.10.2022 എന്നീ തീയതികളിലെ 6-136598/2021/PHQ നമ്പർ കത്ത്.

*************************

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെയും അംഗങ്ങളുടെയും പേരും അധികാരങ്ങളും ദുരുപയോഗം ചെയ്ത് ചില സ്വകാര്യ സംഘടനകളും വ്യക്തികളും , പൊതുജനങ്ങളെയും ഉദ്യോഗസ്ഥരെയും ഭീഷണിപ്പെടുത്തുന്നതായും മറ്റു നിയമവിരുദ്ധമായ നേട്ടങ്ങൾ ഉണ്ടാക്കുന്നുവെന്നും കൂടാതെ സ്വകാര്യ വാഹനത്തിൽ കമ്മീഷന്റെ ഔദ്യോഗിക വാഹനം എന്ന് തോന്നുന്ന തരത്തിൽ ബോർഡ് വച്ചും , 'മനുഷ്യാവകാശ കമ്മീഷൻ അംഗം', 'കമ്മീഷൻ സെക്രട്ടറി', 'കേരള സർക്കാർ' മുതലായ രേഖപ്പെടുത്തലുകളുള്ള ബോർഡുകൾ പ്രദർശിപ്പിച്ചും സഞ്ചരിക്കുകയും, കമ്മീഷന്റെ ഉദ്യോഗസ്ഥരെന്ന് തെറ്റിദ്ധരിപ്പിച്ച് കടകളിലെത്തി പണം കൊടുക്കാതെ സാധനങ്ങൾ വാങ്ങിക്കൊണ്ടുപോകുന്നതായും ആശുപത്രികൾ , പോലീസ് സ്റ്റേഷനുകൾ , എന്നിവ ഉൾപ്പെടെ പല സർക്കാർ ഓഫീസുകളിലും ഇത്തരക്കാർ കമ്മീഷന്റെ പേര് ദുരുപയോഗം ചെയ്ത് നിയമവിരുദ്ധമായ ഇടപെടലുകൾ നടത്തുന്നതായും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം നിയമ വിരുദ്ധ പ്രവൃത്തികൾ തടയാനും ജനങ്ങൾ വഞ്ചിക്കപ്പെടാതിരിക്കാനും ശരിയായ അന്വേഷണവും പരിശോധനകളും നടത്തി ഉചിതമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം ബഹു.കമ്മീഷൻ ചെയർപേഴ്സൺ സൂചന (1) പ്രകാരം സമർപ്പിച്ചിരുന്നു .

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പേരും അധികാരങ്ങളും ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് എല്ലാ ജില്ലാ മേധാവികൾ മുഖേന അന്വേഷണം നടത്തിയതിൽ ഇത്തരത്തിൽ നിരവധി സംഘടനകൾ കമ്മീഷന്റെ അധികാരങ്ങളും പേരും ദുരുപയോഗം ചെയ്യുന്നതായി പോലീസ് കണ്ടെത്തിയതായും ആയതിൽ നടപടികൾ സ്വീകരിച്ചു വരുന്നതായും വിശദാംശങ്ങളടക്കം പരാമർശം (2) പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വ്യക്തമായ നിയമത്തിന്റെയും ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും

അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് ഓഫീസ് തിരുവനന്തപുരത്ത് മാത്രമാണുള്ളത്. മറ്റു ജില്ലകളിലെ കേസുകൾ പരിഗണിക്കുന്നതിന് അതത് ജില്ലകളിൽ ക്യാമ്പ് സിറ്റിംഗ് നടത്താറാണ് പതിവ്. സംസ്ഥാനത്തിനകത്തോ പുറത്തോ ഏതെങ്കിലും സംഘനടകൾക്കോ വ്യക്തികൾക്കോ രജിസ്ട്രേഷനോ അംഗീകാരമോ കമ്മീഷനോടൊപ്പം നിന്നും പ്രവർത്തിക്കാനുള്ള അനുവാദപത്രമോ നൽകിയിട്ടില്ല. കമ്മീഷനിൽ പൊതുജനങ്ങളെ അംഗങ്ങളായി ചേർക്കാനും നിയമം അനുവദിക്കുന്നില്ല. മനുഷ്യാവകാശ ലംഘനം നടന്നാൽ അത് കമ്മീഷന്റെ ശ്രദ്ധയിൽകൊണ്ടു വരിക എന്നതല്ലാതെ പരാതികളും കേസുകളും പരിശോധിച്ച് തീരുമാനം എടുക്കുന്നതിനോ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനോ സ്വകാര്യ വ്യക്തികൾക്കോ സംഘടനകൾക്കോ യാതൊരു അവകാശവുമില്ല.

മനുഷ്യാവകാശ കമ്മീഷനിലെ ചെയർപേഴ്സൺ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് അവരവരുടെ പേരും ഉദ്യോഗപ്പേരും നമ്പരും ഫോൺ നമ്പരും ഒപ്പം കമ്മീഷന്റെ മുദ്രയും (Emblem) രേഖപ്പെടുത്തി കമ്മീഷൻ സെക്രട്ടറി ഒപ്പിട്ട ഔദ്യോഗിക തിരിച്ചറിയൽ കാർഡ് കൊടുത്തിട്ടുണ്ട് അപ്രകാരം തിരിച്ചറിയൽ കാർഡ് കൊടുക്കാത്തവർക്ക്, ഓഫീസ് പരിശോധനയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കമ്മീഷൻ സെക്രട്ടറി ഒപ്പിട്ട് അധികാരപത്രം നൽകാറുണ്ട്. ആ സാഹചര്യത്തിൽ ഏതെങ്കിലും ഓഫീസുകളോ അധികാര സ്ഥാപനങ്ങളോ അല്ലെങ്കിൽ ഫയലുകളോ റെക്കോർഡുകളോ, മറ്റു രേഖകളോ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കമ്മീഷന്റെ പേര് പറഞ്ഞ് ആരെങ്കിലും വന്നാൽ അങ്ങനെ വരുന്നവരോട് കമ്മീഷനിൽ നിന്നും ലഭ്യമായിട്ടുള്ള തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ അപ്രകാരം പരിശോധന നടത്തുന്നതിനുള്ള അധികാരപത്രം കാണിക്കാൻ ആവശ്യപ്പെട്ട് അവയുടെ ആധികാരികത ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി തിരിച്ചറിയൽ കാർഡ്/അധികാരപത്രം ആവശ്യപ്പെടുന്ന സമയത്ത് പ്രദർശിപ്പിക്കാൻ പ്രസ്തുത ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കമ്മീഷന്റെ പേര് മറയാക്കി വരുന്നവർ പ്രസ്തുത തിരിച്ചറിയൽ കാർഡ്/അധികാരപത്രം കാണിക്കുന്നതിൽ വിമുഖത കാട്ടിയാൽ അവർ കമ്മീഷന്റെ പേര് ദുരുപയോഗം ചെയ്യുന്ന വ്യാജന്മാരാണെന്ന് മനസിലാക്കി സ്ഥാപനമേധാവി തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ പരാതിപ്പെടേണ്ടതാണ്. ഇത്തരം സംഘടനകളിൽ നിന്നും രജിസ്ട്രേഷനുള്ള അപേക്ഷകൾ ലഭിക്കുമ്പോൾ അപ്രകാരം രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്ന സംഘടനയുടെ പേര് ഈ കമ്മീഷന്റെ പേരിനോട് സാമ്യമോ സാദൃശ്യമോ ഉള്ളതല്ലെന്ന് രജിസ്ട്രേഷൻ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. കേരള മോട്ടോർ വെഹിക്കിൾസ് റൂളിലെ 92(എ) ചട്ടപ്രകാരം മാത്രമേ വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുവാൻ പാടുള്ളൂ. വാഹനങ്ങളിൽ അനധികൃതമായി സർക്കാർ ബോർഡുകളും മറ്റും പ്രദർശിപ്പിച്ച് തെറ്റിധരിപ്പിക്കുന്നത് തടയിടുവാൻ മോട്ടോർ വാഹനവകുപ്പും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

---

ഉത്തരവിൻ പ്രകാരം

K.G SANAL KUMAR
നിയമ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

1. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
2. എല്ലാ വകുപ്പുകൾക്കും.